**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 242** **07-06-2021 - ൽ മറുപടിയ്ക്ക്**

**കൊറോണ വൈറസ് വകഭേദങ്ങളെ നേരിടുന്നതിനുള്ള കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Smt Veena George**<br>**(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് -19 രണ്ടാം തരംഗത്തിന്റെ ആരംഭത്തിൽ സംസ്ഥാനത്ത് രോഗബാധ വർദ്ധിക്കുന്നതിന് കാരണമായ വൈറസ് വകഭേദം തന്നെയാണോ നിലവിലും രോഗബാധ വർദ്ധിക്കുന്നതിന് കാരണമാകുന്നത് എന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (എ) | കേരളത്തിലെ മുഴുവൻ ജില്ലകളിലെയും സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കി വൈറസിന്റെ വകഭേദം കണ്ടെത്തുന്നതിനായുള്ള ഹോൾ ജീനോമിക് സീക്വൻസിംഗ് (WGS) പഠനം Institute of Genomic and Integrative Biology, ഡൽഹിയുമായി ചേർന്ന് കേരള സർക്കാർ നടത്തി വരുന്നുണ്ട്. GENOME STUDY -യുമായി ബന്ധപ്പെട്ട് വിശദമായ ഓപ്പറേഷൻ ഗൈഡ്-ലൈൻ പുറപ്പെടുവിച്ചിട്ടുള്ളതും ആയത് പിന്തുടർന്ന് വരികയും ചെയ്യുന്നു. കൂടാതെ 2020 ഡിസംബർ 25 മുതൽ U.K നിന്നും സൌത്ത് ആഫ്രിക്ക, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കേരളത്തിൽ എത്തിയിട്ടുള്ള കോവിഡ് പോസിറ്റീവ് ആയിട്ടുള്ള യാത്രക്കാരുടെ സാമ്പിളുകൾ NIVപൂനയിൽ അയച്ച് പരിശോധിക്കുകയുണ്ടായി. രാജീവ് ഗാന്ധി ഇൻസ്റ്റിട്യൂട്ട് ഒാഫ് ബയോടെക്നോളജി, തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ വൈറസ് വകഭേദങ്ങളെ കണ്ടുപിടിക്കുന്നതിനുള്ള സ്പൈക്ക് പ്രോട്ടീൻ പഠനങ്ങൾ നടന്നു വരുന്നു. ഡൽഹി, പഞ്ചാബ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നും എത്തിയിട്ടുള്ളവരിൽ കോവിഡ് പോസിറ്റീവ് ആയിട്ടുള്ള യാത്രക്കാരുടെ സാമ്പിളുകൾ, അതിഥി തൊഴിലാളികളിൽ കോവിഡ് പോസിറ്റീവ് ആയിട്ടുള്ളവരുടെ സാമ്പിളുകൾ, ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് ക്രമാതീതമായി കൂടി നിൽക്കുന്ന പ്രദേശങ്ങളിലെ കോവിഡ് പോസിറ്റീവ് ആയിട്ടുള്ളവരുടെ സാമ്പിളുകൾ എന്നിവ പഠന വിധേയമാക്കി വരുന്നു. |
| (ബി) | വ്യത്യസ്ത വൈറസ് വകഭേദങ്ങളെ നേരിടുന്നതിന് എന്തൊക്കെ കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കേരളത്തിൽ ഒന്നാം തരംഗ സമയത്ത് രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങളുടെ അവബോധം വർദ്ധിപ്പിക്കുന്നതിന് വേണ്ടി SMS (Social Distancing, Use of Mask, |

| | | | |
|---|---|---|---|
| | | | Sanitisation) ക്യാംപയിനും Back to Basic ക്യാംപയ്നും നടപ്പാക്കുകയുണ്ടായി. മാത്രമല്ല പരിശോധനയിലൂടെ രോഗമുള്ളവരെ കൂടുതൽ കണ്ടെത്തുകയും രോഗം സ്ഥിതീകരിക്കുന്നവരുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കുകയും സ്ഥിതീകരിക്കപ്പെട്ടവർക്ക് കൃത്യമായ ചികിത്സ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് നാം നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ (ടെസ്റ്റ്, ട്രാക്ക് ആൻറ് ട്രീറ്റ്) ചികിത്സ ആവശ്യമായ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ഡൊമിസിലിയറി കെയർ സെൻററുകളും കോവിഡ് ഫസ്റ്റ് ലൈൻ, സെക്കൻറ് ലൈൻ ട്രീറ്റ്മെന്റ് സെൻററുകളും കോവിഡ് ആശുപത്രികളും എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളിലും അമ്പത് ശതമാനം കിടക്കകളും ഒരുക്കുകയുണ്ടായി. ഇവിടങ്ങളിൽ ആവശ്യമായ മാനവ വിഭവശേഷിയും മരുന്നുകളും ഓക്സിജനും മറ്റ് ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ലോകമെമ്പാടും കോവിഡ് തരംഗങ്ങളായാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിനെതിരായി നാം അനുവർത്തിച്ചു പോരുന്ന പ്രതിരോധ ചികിത്സാ മാർഗ്ഗങ്ങൾ തന്നെയാണ് ലോകമെമ്പാടും ശാസ്ത്രീയമായി അംഗീകരിച്ചിട്ടുള്ളതും നടപ്പിലാക്കി വരുന്നതും. മൂന്നാം തരംഗം ഉണ്ടാകാം എന്നതിനെപ്പറ്റി ഔദ്യോഗികമായി ഒരറിയിപ്പും നാളിതുവരെ ലഭിച്ചിട്ടില്ലായെങ്കിലും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കോ, രോഗ സ്ഥിതീകരണ നിരക്കിലെ വർദ്ധന ദൃശ്യമാകുന്ന മുറയ്ക്ക് ഇതുവരെ നടപ്പിലാക്കി വന്ന പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. നിലവിൽ ലോകമെമ്പാടും പല തരത്തിലുള്ള വൈറസ് വകഭേദങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇവയുടെ വ്യാപന ശേഷിയിൽ വ്യത്യാസങ്ങൾ കാണുന്നുണ്ടെങ്കിലും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള രോഗ പ്രതിരോധ മാർഗ്ഗത്തിലും ചികിത്സാ മാർഗ്ഗങ്ങളിലും വലിയ അന്തരമില്ല. ആയതിനോടൊപ്പം കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിദഗ്ധ സമിതി യോഗം ചേർന്ന് നിലവിലെ കർമ്മ പദ്ധതികളിൽ ആവശ്യമായ മാറ്റങ്ങൾ യഥാസമയം നടപ്പിൽ വരുത്തുകയും ചെയ്ത് വരുന്നുണ്ട്. അത് തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ